ചാലിയാർ പുഴയ്ക്കുള്ള റഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി

1387. [1978] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

മാവൂരിനടുത്ത് ചാലിയാർ പുഴയ്ക്കുള്ള റഗുലേറ്റർ കം ബ്രിഡ്ജിന്റെ പ്രവർത്തനം എത്രത്തോളമായെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ചാലിയാർ പുഴയ്ക്ക് അടുത്ത് പെരുവയൽ പഞ്ചായത്തിലെ ഊർക്കടവ് എന്ന സ്ഥലത്ത് ഒരു റഗുലേറ്റർ കം ബ്രിഡ്ജ് പണിയുന്നതിനുള്ള പ്രാരംഭ പരിശോധന കഴിഞ്ഞു. ഏകദേശം 315 ലക്ഷം രൂപ ചിലവാകുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്ന ഇതിന്റെ വിശദമായ പരിശോധന ഇപ്പോൾ പ്രാരംഭ ഘട്ടത്തിലാണ്. മന്തലക്കടവ് എന്ന സ്ഥലത്തും ആവശ്യമായ പരിശോധന കഴിച്ചതിനുശേഷമേ സ്ഥലം തീരുമാനിക്കുകയുള്ളു.

എരഞ്ഞിപ്പുഴ പാലം

1388. [1979] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കസർക്കോട് ജില്ലയിലുള്ള എരഞ്ഞിപ്പുഴ പാലത്തിന്റെ പണി എന്ന് ആരംഭിക്കും ;

(ബി) എരഞ്ഞിപ്പുഴ പാലത്തിന്റെ പണി മുൻഗണന നൽകി ഏറ്റെടുക്കുമോ ?

ഉത്തരം

(എ, ബി) പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടന്നു വരുന്നതേയുള്ളു. ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞ് മറ്റു സാങ്കേതികവും ഭരണപരവുമായ നടപടികളും പൂർത്തിയാക്കിയശേഷമേ പണി തുടങ്ങാൻ കഴിയൂ. അതിനാൽ പാലത്തിന്റെ പണി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് കൃത്യമായി ഇപ്പോൾ പറയുന്നതിന് ബുദ്ധിമുട്ടുണ്ട്. പ്രാഥമിക നടപടികളും പൂർത്തിയായിട്ടില്ലാത്തതിനാൽ പണിക്ക് മുൻഗണന നൽകുന്ന കാര്യം ഇപ്പോൾ ഉദിക്കുന്നില്ല.

തൊട്ടിൽപ്പാലത്തെ പി. ഡബ്ളിയു. ഡി. പാലം

1389. [1980] ശ്രീ. കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തൊട്ടിൽപ്പാലത്തെ പി. ഡബ്ളിയു. ഡി. പാലം അപകടകരമായ നിലയിൽ തകരാറു സംഭവിച്ചിരിക്കുന്നതിനാൽ പ്രസ്തുത പാലം പുതുക്കി പണിയാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പാലത്തിനുവേണ്ട അറ്റകുറ്റപ്പണികളും നടത്തി ബലപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഇപ്പോൾ അപകടാവസ്ഥയിലല്ല. പാലം ഉടനെ പുതുക്കിപ്പണിയാൻ സാമ്പത്തിക പരിമിതികളും അനുവദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly